കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. സ്ഥലമേറ്റെടുത്തു കഴിഞ്ഞാൽ ഉടൻതന്നെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്.

171 (1715) കീഴൂരിൽ സ്ഥാപിക്കുന്ന സബ്സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കീഴൂരിൽ സ്ഥാപിക്കാൻപോകുന്ന 33 കെ.വി. സബ്സ്റ്റേഷന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ജോലിയുടെ പുരോഗതി എത്രത്തോളമായെന്ന് വിശദീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് എത്രയാണെന്നും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള അനുവാദം നൽകിക്കഴിഞ്ഞു. സ്ഥലമേറ്റെടുക്കാൻ നടപടികൾ നടന്നുവരുന്നു. സ്ഥലം കൈവശം കിട്ടിയശേഷം ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയും.

(സി) എസ്റ്റിമേറ്റ് 1.27 കോടി രൂപയാണ്. ഇതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്നും ലഭ്യമായ വായ്പകൊണ്ടാണ് നിർമ്മിക്കുന്നത്.

172 (1716) ഓടമത്ര സബ്സ്റ്റേഷൻ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഓടമത്ര സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുത്ത വകയിൽ ഇതുവരെ എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുത്തതിന്റെ പ്രതിഫലം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കോടതിയുടെ വിധി എന്തായിരുന്നു;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് ഇപ്പോൾ ഹൈക്കോടതിയിലുണ്ടോ;

(ഡി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly